# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കവിയൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.പിറ്റിഎ-പി.7-258/21


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 09/04/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691


ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവിയൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കവിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.പിറ്റിഎ-പി.7-258/21

തീയ്യതി: 09/04/2021

# പത്തനംതിട്ട ജില്ലയിലെ കവിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കവിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 16-11-2019 മുതൽ 22-07-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2021 | 19-03-2021 |

| | | | |
|---|---|---|---|
| പി.കെ. | | | |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-03-2021 | 19-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. ഹരികുമാർ ബി. , സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശ എം.കുരുവിള, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എലിസബത്ത് മാത്യു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ചന്ദ്രൻ ആർ. | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റ്റൈറ്റസ് പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ഇന്ദു ഫിലിപ്പ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ. റൂബിൻ മേരി റ്റി. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ഡോ. സതീഷ് കുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ജാസ്മിൻ വൈ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. രാജേഷ് റ്റി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 05-06-2019 |
| ശ്രീ. അജി വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-06-2019 | 09-12-2019 |
| ശ്രീ. അജിമോൻ പി.ഡി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2020 | 31-03-2020 |
| ശ്രീമതി ലക്ഷ്മി വി.എൻ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലതികാ കുമാരി | പ്രധാന അദ്ധ്യാപിക | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രഭാ എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 29-11-2019 |
| ശ്രീമതി സുമാ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 30-11-2019 | 31-03-2020 |
| ശ്രീ. ശിഹാബുദ്ദീൻ കെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha Janardhanan (Senior Grade Auditor, On 20-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 22-04-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: B Harikumar (Senior Grade Auditor, On 19-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 08-04-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: B Harikumar (Senior Grade Auditor, On 19-03-2021)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 08-04-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: B Harikumar (Senior Grade Auditor, On 19-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: B Harikumar (Senior Grade Auditor, On 19-03-2021)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 08-04-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: B Harikumar (Senior Grade Auditor, On 19-03-2021)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 08-04-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: B Harikumar (Senior Grade Auditor, On 19-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Anil Mathew Iype (Audit Officer (HG), On 20-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 22-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Anil Mathew Iype (Audit Officer (HG), On 19-03-2021)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 08-04-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: B Harikumar (Senior Grade Auditor, On 20-03-2021)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 08-04-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: B Harikumar (Senior Grade Auditor, On 20-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 22-03-2021) | 1-11 |
| 12 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Anil Mathew Iype (Audit Officer (HG), On 19-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 22-03-2021) | 1-12 |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം.<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 15-04-2021) | 1-13 |
| 14 | കെട്ടിട വാടകയിനത്തിലുള്ള കുടിശ്ശിക | 1-14 |

| | | |
|---|---|---|
| | പിരിച്ചെടുക്കേണ്ടതാണ്<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 09-04-2021) | |
| 15 | കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ലേലതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 15-04-2021) | 1-15 |
| 16 | മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക നൽകി<br>Written By: B Harikumar (Senior Grade Auditor, On 17-03-2021)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 08-04-2021) | 1-16 |
| 17 | പൂരക പോഷകാഹാരം - കേന്ദ്ര വിഹിതം 802187 രൂപ അവശേഷിക്കുന്നു<br>Written By: B Harikumar (Senior Grade Auditor, On 20-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 15-04-2021) | 1-17 |
| 18 | സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതുമൂലം അധികച്ചെലവ്<br>Written By: Lekha Janardhanan (Senior Grade Auditor, On 20-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 22-03-2021) | 1-18 |
| 19 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ; പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 20-03-2021)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 08-04-2021) | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 22-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: Asha M Kuruvilla (Auditor, On 19-03-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 22-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Asha M Kuruvilla (Auditor, On 19-03-2021) | 4-5 |

| | | |
|---|---|---|
| | Last Updated By: Anil Mathew Iype (Audit Officer (HG), On 22-03-2021) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: Asha M Kuruvilla (Auditor, On 19-03-2021) | 4-6 |
| 7 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: Asha M Kuruvilla (Auditor, On 19-03-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Asha M Kuruvilla (Auditor, On 19-03-2021)<br>Last Updated By: Anil Mathew Iype (Audit Officer (HG), On 22-04-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

22-02-2019തീയതിയിലെ 1 (1) നം തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. തൻ വർഷം ബജറ്റ് പരിഷ്കരിച്ചിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 28-05-2020 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6335580 |
| വരവ് | 41241962 |
| ആകെ | 47577542 |
| ചെലവ് | 42801249 |
| നീക്കിയിരിപ്പ് | 4776293 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 9573482 | 9573482 | 8100857 | 1472625 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 8690471 | 8690471 | 3875210 | 4815261 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7681000 | 7681000 | 4174129 | 3506871 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3251000 | 3251000 | 1624399 | 1626601 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6654640 | 6654640 | 3007019 | 3647621 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 13169033 | 13169033 | 13169033 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 47450 | 800729 | 848179 | 847877 | 302 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (എെ.സി.ഡി.എസ്-കേന്ദ്ര വിഹിതം) | | 649329 | 452088 | 1101417 | 299230 | 802187 |

| | | | | | |
|---|---|---|---|---|---|
| പൈക്ക | 21102 | 397 | 21499 | 19585 | 1914 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | 0 | 0 | 0 | 0 | |
| ശുചിത്വ മിഷൻ | 2545910 | 42000 | 2587910 | 18000 | 2569910 |
| കേരളോൽസവം | 20000 | 0 | 20000 | 20000 | 0 |
| വിമുക്തി | 21410 | 0 | 21410 | 13100 | 8310 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 77131707 | 117 | 27863967 | 0 | 93 | 56 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 47050 | 800729 | 848179 | 847877 | 302 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10635000 | 10635000 | 10635000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7680 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 831600 | 238 |
| വിധവാപെൻഷൻ | 1800000 | 510 |
| വാർദ്ധക്യകാലപെൻഷൻ | 3525300 | 954 |
| വികലാംഗപെൻഷൻ | 636600 | 175 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 75600 | 21 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.03.2021. ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39743.രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുചെലവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നതിനും ചെലവ് വൗച്ചറുകൾ സൂക്ഷിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ഇപ്രകാരം പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും യഥാവിധി നിർവ്വഹിക്കുന്നതിനും, ധനയിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനുമായി ശക്തമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് 1-12 ആയി ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.04.2018 | 2016-17 | 22.06.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

- RP-3 റെന്റൽ ഇൻകം ഫ്രം ഓഡിറ്റോറിയം & ഹാൾസ് എന്ന ശീർഷകത്തിൽ 3814 രൂപ തൻവർഷ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഒരു വരവ് യഥാർത്ഥത്തിലില്ല. ആയത് കൃത്യമാക്കേണ്ടതാണ്
- പഞ്ചായത്തിന്റെ പേരിൽ കവിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 2019-20 കാലയളവിൽ ഉള്ള രണ്ട് സ്ഥിരനിക്ഷേപങ്ങളുടെ പലിശവരവ് 536250 രൂപ വാർഷിക ധനകാര്യ പത്രിക RP-8 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| എഫ്.ഡി നം & തീയതി | ഡിപ്പോസിറ്റ് തുക | ഡ്യൂ ആകുന്ന തീയതി | പലിശ |
|---|---|---|---|
| 0027044 Dtd. 26.05.2018 | 50,00,000 | 26.05.2019 | 412500 |
| 0027043 | 15,00,000 | 26.05.2019 | 123750 |
| ആകെ | | | 536250 |

- ഷെഡ്യൂൾ B18 ലോൺസ്, അഡ്വാൻസസ് & ഡെപ്പോസിറ്റ്സിൽ നൽകിയിരിക്കുന്ന തുകകൾ അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല.

1. ടെമ്പററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസസ് എന്ന ഹെഡ്ഡിൽ നൽകിയിരിക്കുന്നത് 310620 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷം അഡ്ജസ്റ്റ് ചെയ്യാൻ ബാക്കി നിൽക്കുന്നത് 265455 രൂപ മാത്രമാണ്.

2. അദർ അഡ്വാൻസസ് തുക ധനകാര്യപത്രിക പ്രകാരം 255573 രൂപയും അഡ്വാൻസ് രജിസ്റ്റർ പ്രകാരം 57838 രൂപയുമാണ്.

3.അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ് ധനകാര്യപത്രിക പ്രകാരം 470625 രൂപയും അഡ്വാൻസ് രജിസ്റ്റർ പ്രകാരം 398767 രൂപയുമാണ്.

## 1-12 രജിസ്റ്ററുകളുടെ പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ, ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, സൗജന്യമായി ലഭിക്കുന്ന/വിലയ്ക്ക് വാങ്ങുന്ന ഫാറങ്ങൾ, നോട്ടീസുകൾ മുതലായവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ആസ്തി രജിസ്റ്റർ : 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് കാലികമാക്കിയിട്ടില്ല. 2019-20 മുതലുള്ള വിവരങ്ങൾ ചേർക്കുവാനുണ്ട്.

ജാമ്യനിക്ഷേപ രജിസ്റ്റർ / അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി രജിസ്റ്റർ : പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തകളുടെ നിർവ്വഹണം നടത്തുന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ കൈവശം സൂക്ഷിക്കേണ്ട ജാമ്യനിക്ഷേപ രജിസ്റ്റർ / അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. പ്രവൃത്തിയുടെ പേര്, പ്രവൃത്തി നടത്തുന്ന വർഷം, ചെലവ് എന്നീ അവശ്യ എൻട്രികൾ ഉൾപ്പെടുത്തി ജാമ്യനിക്ഷേപ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ മതിയായ തുകയ്ക്കുള്ള സെക്യൂരിറ്റി വന്നിട്ടുണ്ടോയെന്നും, സംരക്ഷണ കാലയളവ് വരെ ഇവ സൂക്ഷിക്കുന്നുണ്ടോയെന്നും, കാലഹരണപ്പെട്ട സെക്യൂരിറ്റികൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നുണ്ടോയെന്നും, ഒരേ സെക്യൂരിറ്റി തന്നെ ഒന്നിൽകൂടുതൽ വർക്കുകൾക്ക് ജാമ്യമായി വയ്ക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണ്. ഇത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. ഒരേ സെക്യൂരിറ്റി തന്നെ ഒന്നിൽകൂടുതൽ വർക്കുകൾക്ക് ജാമ്യമായി വയ്ക്കാൻ പറ്റുന്ന ഒരു സാഹചര്യം ഈ രജിസ്റ്ററുകളുടെ അഭാവം സൃഷ്ടിക്കുന്നു. ഇത് പരിഹരിക്കുന്നതിനും മേൽ പറഞ്ഞിരിക്കുന്ന രജിസ്റ്ററുകൾ മുൻവർഷങ്ങളിലെ ഉൾപ്പെടെയുള്ള രേഖപ്പെടുത്തലുകൾ വരുത്തി എഴുതി സൂക്ഷിക്കുവാനും പരിപാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ജാമ്യനിക്ഷേപങ്ങൾ തിരികെ നൽകുന്ന അവസരത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ കൃത്യമായ സാക്ഷ്യപ്പെടുത്തലോടുകൂടി രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

വർക്ക് ബിൽ രജിസ്റ്റർ : 2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ വർക്ക് ബിൽ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതിനാൽ ബില്ലുകളുടെ വിശദാംശങ്ങൾ (റിട്ടെൻഷൻ കുറവ് ചെയ്തത്, നികുതികളും വിഹിതങ്ങളും കുറവ് ചെയ്ത് അടച്ചത്) ലഭ്യമല്ല. റിട്ടൻഷൻ തിരികെ നൽകൽ, നികുതികളുടെയും, വിഹിതങ്ങളുടെയും കണക്കുകൾ തയ്യാറാക്കൽ മുതലായ ആവശ്യങ്ങൾക്ക് പ്രസ്തുത രജിസ്റ്റർ ആവശ്യമാണ്. ആയതിനാൽ വർക്ക് ബിൽ രജിസ്റ്റർ മുൻവർഷങ്ങളിലെ ഉൾപ്പെടെയുള്ള രേഖപ്പെടുത്തലുകൾ വരുത്തി എഴുതി സൂക്ഷിക്കുവാനും പരിപാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം

ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, "ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്രമീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത്, 100 ചതുരശ്രമീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ, 100 ചതുരശ്രമീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല എന്ന് വ്യക്തമായി. (ബൈലോ പ്രകാരം 100ച.മീറ്ററിന് മുകളിലുള്ളതിന് 70രൂപാ പ്രകാരമാണ്). ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന നികുതി | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി |
|---|---|---|---|---|---|
| 1. | Ward- 6<br>നം. 96/A<br>വാണിജ്യാവശ്യം | അമ്പിളി സുനോജ്, നളന്ദ, കവിയൂർ | GF 28.29 M2 | 25.46 * 60 | 25.46 * 70 |
| | നം. 96/B<br>വാണിജ്യാവശ്യം | | GF 127.5 M2 | വ്യത്യാസമില്ല | |
| | | ആകെ | 155.79 M2 | | |
| 2. | Ward- 6<br>നം. 275/A<br>വാണിജ്യാവശ്യം | കൊച്ച്കുഞ്ഞ് കുറുപ്പ്, ഗീതാസദനം, കവിയൂർ | GF 60 M2 | 60 * 60 | 60 * 70 |
| | നം. 275/B<br>വാണിജ്യാവശ്യം | | GF 67 M2 | 67 * 60 | 67 * 70 |
| | | ആകെ | 127 M2 | | |
| 3. | Ward- 7<br>നം. 173/C<br>വാണിജ്യാവശ്യം | | GF 61 M2 | 61 * 60 | 60 * 70 |
| | നം. 173/D | | GF 61 M2 | 61 * 60 | 61 * 70 |

| | | | | | |
|---|---|---|---|---|---|
| | വാണിജ്യാവശ്യം | കോശി വൈദ്യൻ, | | | |
| | നം. 173/E<br>വാണിജ്യാവശ്യം | ശാലിനി ഭവൻ,<br>കവിയൂർ | GF 30.5 M2 | 30.5 * 60 | 30.5 * 70 |
| | നം. 173/F<br>വാണിജ്യാവശ്യം | | GF 30.5 M2 | 30.5 * 60 | 30.5 * 70 |
| | നം. 173/G<br>വാണിജ്യാവശ്യം | | GF 71 M2 | 71 * 60 | 71 * 70 |
| | | ആകെ | 254 M2 | | |
| 4. | Ward– 9<br>നം. 270/B<br>വാണിജ്യാവശ്യം | ട്രസ്റ്റി, സ്ലീബാ ഓർത്തഡോക്സ് ചർച്ച്, കവിയൂർ | FF 42.46 M2 | 42.46 * 60 | 42.46 * 70 |
| | നം. 270/C<br>വാണിജ്യാവശ്യം | | FF 42.46 M2 | 42.46 * 60 | 42.46 * 70 |
| | നം. 270/D<br>വാണിജ്യാവശ്യം | | FF 42.46 M2 | 42.46 * 60 | 42.46 * 70 |
| | നം. 270/E<br>വാണിജ്യാവശ്യം | | FF 42.46 M2 | 42.46 * 60 | 42.46 * 70 |
| | നം. 270/F<br>വാണിജ്യാവശ്യം | | FF 42.46 M2 | 42.46 * 60 | 42.46 * 70 |
| | നം. 270/G<br>വാണിജ്യാവശ്യം | | FF 42.46 M2 | 42.46 * 60 | 42.46 * 70 |
| | | ആകെ | 254.76 M2 | | |
| 5. | Ward– 12<br>നം. 266/A<br>വാണിജ്യാവശ്യം | വിജയശ്രീദേവി വേണുഗോപാൽ, പുത്തൻപുരയിൽ, കവിയൂർ | GF 34.75 M2 | 34.75 * 60 | 34.75 * 70 |
| | നം. 266/B<br>വാണിജ്യാവശ്യം | | GF 46.64 M2 | 46.64 * 60 | 46.64 * 70 |
| | നം. 266/B<br>വാണിജ്യാവശ്യം | | GF 24.32 M2 | 24.32 * 60 | 24.32 * 70 |
| | | ആകെ | 105.71 M2 | | |

ഇപ്രകാരം കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായി ഈടാക്കിയതിനുള്ള വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 2 / 12.03.2021) മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി നികുതി പുനർ നിർണ്ണയിച്ച് ആയത് പ്രകാരമുള്ള കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കുന്നതിന് ആവശ്യമായ

നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. സഞ്ചയ പരിശോധിച്ച് വസ്തുനികുതി നിർണ്ണയത്തിൽ സമാനമായ അപാകതകൾ വന്നിട്ടുള്ളത് പരിശോധിച്ച് നഷ്ടമായ നികുതി തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

## 1-14 കെട്ടിട വാടകയിനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 29 കടമുറികളാണുള്ളത്. (തോട്ടഭാഗത്തുള്ള പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ 19 കടമുറികളും, 10 കടമുറികൾ പഞ്ചായത്ത് കെട്ടിടത്തിനോട് ചേർന്നിരിക്കുന്നവയും). കടമുറികളുടെ വാടക രജിസ്റ്റർ പ്രകാരം തൻവർഷ ഡിമാന്റ് 445068-രൂപയാണ്. എന്നാൽ തൻ വർഷം വാടകയിനത്തിൽ പിരിച്ചെടുത്തത് 171317 രൂപ മാത്രമാണ്. വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് 2021 ജനുവരി മാസത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 6 വാടകക്കാർ കുടിശ്ശിക അടവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വാടകകുടിശ്ശിക ഈടാക്കുവാനുള്ളവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു. അവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

| കടമുറി നം. | വാടകക്കാരന്റെ വിവരങ്ങൾ | കുടിശ്ശിക വരുത്തിയ കാലയളവ് | കുടിശ്ശിക തുക | |
|---|---|---|---|---|
| | | | വാടക | ജി.എസ്.റ്റി |
| 10/165 | സണ്ണി വർഗ്ഗീസ് കുന്നുപുറത്ത് കവിയൂർ | 07/2019 മുതൽ 03/2020 | 740*9=6660 | 134*9=1206 |
| 10/166 | ഓമനാ രാധാകൃഷ്ണൻ | 03/2020 | 991*1=991 | 178*1=178 |
| 10/171 | വി.കെ. രാജൻ | 04/2019 മുതൽ 03/2020 | 738*12=8856 | 132*12=1584 |
| 10/168 | അനിൽ വർഗ്ഗീസ് | 08/2019 മുതൽ 03/2020 | 991*8=7928 | 178*8=1424 |
| 10/177 | വി.കെ. രാജൻ | 09/2019 മുതൽ 03/2020 | 1081*7=7567 | 194*7=1358 |
| 10/175 | ശിവകുമാർ എം.ജെ. | 04/2019 മുതൽ 03/2020 | 1180*12=14160 | 212*12=2544 |
| 10/176 | മനോജ് കെ.എ. | 12/2019 മുതൽ 03/2020 | 1062*4=4248 | 192*4=768 |
| 7/415 | മനോജ് കെ.എ. | 12/2019 മുതൽ 03/2020 | 789*4=3156 | 142*4=568 |
| 10/152 | വിജയമ്മ സുധാകരൻ | 04/2019 മുതൽ 03/2020 | 1690*12=20280 | 304*12=3648 |
| 10/179 | ജിഷ | 11/2019 | 1680*1=1680 | 302*1=302 |
| 10/178 | പൊന്നമ്മ കെ.കെ. | 10/2019 & 03/2020 | 1551*2=3102 | 280*2=560 |

കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവരുമായി നിയമാനുസൃത കരാർ ചമച്ചിട്ടില്ല. പലരും മുദ്രപത്രത്തിൽ കരാർ വച്ചിട്ടുണ്ടെങ്കിലും കൃത്യമായ കരാർ വ്യവസ്ഥകൾ എഴുതാത്ത മുദ്രപത്രങ്ങളാണ് പലതുമെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വാടകയ്ക്ക് നൽകിയിരിക്കുന്ന 2 കടമുറികളുടെ ഉടമസ്ഥരുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല. പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കടമുറി നം. | വാടകകാരന്റെ പേര് |
|---|---|
| VII/179 | അനീഷ് എം.എസ് |
| VII/ 180 | നിരഞ്ജന |

വാടകക്കാരുമായി മുദ്രപത്രത്തിൽ കൃത്യമായി ഉടമ്പടി ചമയ്ക്കാതിരിക്കുന്നത് ഗുരുതരമായ അപാകതയാണ്. ഇതു മൂലം ഈ കാലയളവിൽ കെട്ടിടത്തിനുണ്ടാകുന്ന കേടുപാടുകൾക്കോ, വാടക അടവാക്കുന്നതിലുള്ള വീഴ്ചയ്ക്കോ നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിക്കാതെ വരും.

നോട്ടീസ് നൽകിയിട്ടും വാടക കുടിശ്ശിക അടവാക്കാത്തപക്ഷം റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഭരണ സമിതി ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ലേലതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷത്തിലധികമായി തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടവയായി കണക്കാക്കേണ്ടതും ഇവ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്. എന്നാൽ ഇപ്രകാരം കാലഹരണപ്പെട്ട പല ഡെപ്പോസിറ്റുകളും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് തീയതി | ഇനം | തുക | രസീത് നം./സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നം., തീയതി |
|---|---|---|---|
| 06/10/2016 | റോഡ് കട്ടിംഗ് ഫീ | 3000 | 11602012270, 06/10/2016 |
| 07/03/2017 | ,, | 3000 | 11602104097, 07/03/2017 |
| 13/03/2017 | ,, | 3000 | 11602104317, 13/03/2017 |
| 05/08/2014 | വാടക ഡിപ്പോസിറ്റ് | 2700 | 1140210114 , 05/08/2014 |
| 26/03/2015 | ,, | 1000 | 1140210559 , 26/03/2015 |
| 26/03/2015 | ,, | 100 | 11402105512, 26/03/2015 |
| 26/03/2015 | ,, | 100 | 11402105522, 26/03/2015 |
| 26/03/2015 | ,, | 100 | 11402105523, 26/03/2015 |
| 28/03/2015 | ,, | 600 | 11210005634, 28/03/2015 |
| 31/03/2015 | ,, | 24000 | 11402105862, 31/03/2015 |
| 31/03/2016 | ,, | 25000 | 11602101806, 31/03/2016 |
| 19/05/2015 | സപ്ലയേഴ്സ് ഇ.എം.ഡി | 7500 | 94253100008, 19/05/2015 |
| 16/02/2016 | ,, | 8750 | 15502102436, 16/02/2016 |
| 21/03/2016 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 1000 | 11502103206, 21/03/2016 |
| 21/03/2016 | ,, | 1000 | 11502103207, 21/03/2016 |
| 21/03/2016 | ,, | 2000 | 11602104517, 21/03/2016 |
| | | | |

| | | | |
|---|---|---|---|
| 15/07/2015 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 5000 | 11502100798, 15/07/2015 |
| 21/03/2016 | ലേല ഡെപ്പോസിറ്റ് | 7000 | 11502103280, 21/03/2016 |
| 04/11/2016 | ,, | 250 | 11502102662, 04/11/2016 |
| 04/11/2016 | ,, | 250 | 11502102622, 04/11/2016 |
| 03/06/2016 | മറ്റ് ഡെപ്പോസിറ്റ് | 11200 | 11602101000, 03/06/2016 |
| 08/07/2016 | ,, | 10000 | 11602101340, 08/07/2016 |
| 07/01/2016 | ,, | 3000 | 11502102041, 07/01/2016 |
| 01/03/2016 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 5910 | 11502102738, 01/03/2016 |
| 08/11/2016 | ,, | 4780 | 11602102726, 01/03/2016 |
| 08/11/2016 | ,, | 4780 | 11602102727, 08/11/2016 |
| 08/11/2016 | ,, | 2590 | 11602102733, 08/11/2016 |
| ആകെ | | 140610 | |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളും/മാറാത്ത ചെക്കുകളും, അവയുടെ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കൃത്യമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട റിക്കോർഡുകളുടെ പരിപാലനവും തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും രജിസ്റ്ററുകളുടെ പരിപാലനം (ഓരോ വർഷവും മുൻവർഷങ്ങളിലെ പിൻവലിക്കാത്ത തുകകൾ വർഷം തിരിച്ച് ക്യാരിഓവർ ചെയ്ത്) കുറ്റമറ്റതാക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മുകളിൽ പരാമർശിച്ചിരിക്കുന്ന പട്ടിക പ്രകാരമുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റ് / ലേല തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-16 മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക നൽകി</u>

കവിയൂർ ഗ്രാമപഞ്ചായത്തിലെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ചതുമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി (പ്രോജക്ട് നം,27/20) പ്രകാരം കൃതിക.എസ്.പിള്ള എന്ന വിദ്യാർത്ഥിനിയ്ക്ക് ആനുകൂല്യം ലഭിച്ചിരുന്നു. SELD, St: John Of God, സ്പെഷ്യൽ സ്കൂളിൽ (പാമ്പാടി, കോട്ടയം) പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന ടി വിദ്യാർത്ഥിനി സ്കൂൾ പ്രിൻസിപ്പൽ നൽകിയ സർട്ടിഫിക്കറ്റ് പ്രകാരം ഹോസ്റ്റലിൽ നിന്നാണ് അദ്ധ്യയനം നടത്തുന്നത്. സബ്സിഡി മാർഗ്ഗ രേഖ (സ.ഉ.(കൈ)നം.22/2018/ തസ്വഭാവ, തീയതി.14.02.2018) ഖണ്ഡിക 7.16 (ബി) പ്രകാരം ഡേ സ്കോളർക്ക് മാത്രമാണ് സ്കൂളിലേക്ക് പോയിവരുന്നതിന് യാത്രാബത്ത അനുവദിയ്ക്കാവുന്നത്. എന്നാൽ ഹോസ്റ്റലിൽ നിന്ന് പഠിയ്ക്കുന്ന ടി കുട്ടിക്ക് മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി 9920 രൂപ യാത്രാബത്ത അനുവദിച്ച് നൽകിയിട്ടുണ്ട്.

ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ പ്രത്യേക

ധനസഹായമെന്ന നിലയിൽ സ്കൂൾ തുറന്നിട്ടില്ലായെങ്കിലും യാത്രാബത്ത ഉൾപ്പെടെ ആനുകൂല്യങ്ങൾ നൽകാമെന്ന് സ.ഉ (സാ.ധാ) നം.25/2021/തസ്വഭാവ പ്രകാരം സർക്കാർ അനുമതിയുണ്ടെങ്കിലും ആയതിന് സാധുത 05.01.2021 മുതൽ മാത്രമാണ്. അതിനാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യത്തിന് ടി വിദ്യാർത്ഥിനി അർഹയല്ല.

എന്നാൽ ഹോസ്റ്റലിൽ നിന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഡേ-സ്കോളർക്ക് ചെലവ് വരുന്ന യാത്രാ ബത്തയേക്കാൾ കൂടുതൽ താമസച്ചെലവ് വരുമെന്നതിനാൽ ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരേണ്ടതും ഇപ്രകാരമുള്ള വിദ്യാർത്ഥികൾക്ക് കൂടി താമസച്ചെലവ് ലഭ്യമാക്കുന്നതിന് അഭ്യർത്ഥിക്കേണ്ടതുമാണ്.

## 1-17 പൂരക പോഷകാഹാരം - കേന്ദ്ര വിഹിതം 802187 രൂപ അവശേഷിക്കുന്നു

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 2015-16 വർഷം 49704 രൂപ ട്രഷറി അക്കൗണ്ടിൽ അവശേഷിച്ചിരുന്നു. 2016-17 മുതൽ 2019-20 വർഷം വരെ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| 2016-17 | 49704 | 542224 | 591928 | 320967 | 270961 |
| 2017-18 | 270961 | 290275 | 561236 | 138342 | 422894 |
| 2018-19 | 422894 | 610450 | 103334 | 384015 | 649329 |
| 2019-20 | 649329 | 452088 | 1101417 | 299230 | 802187 |

ഓഡിറ്റ് കാലയളവിൽ ഈ ഇനത്തിൽ ആകെ 802187 രൂപ അവശേഷിക്കുന്നു. ടി തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതുമൂലം അധികച്ചെലവ്

സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതു കാരണം തനതു ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പരസ്യങ്ങൾ നൽകിയതിനാണ് തുക ചെലവഴിച്ചത്. പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ(അച്ചടി)01/04 ഐ. ആന്റ് പി. ആർ., 21.06.04 -ലെ സർക്കുലർ നം. 7441/D-1/04/ ഐ. ആന്റ് പി. ആർ. എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം, മൂന്ന് സെന്റീമീറ്റർ വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിൻഡോ പരസ്യം നൽകാതിരുന്നത് മൂലം ഗ്രാമപ്പഞ്ചായത്തിന് പരസ്യചാർജിനത്തിൽ അധികചെലവ് ഉണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ ഇനം, പത്രത്തിന്റെ പേര് | നിരക്ക് | പരസ്യത്തിന്റെ അളവ് | ചെലവായ തുക, ചെക്ക് നമ്പർ/ തീയതി | ചെലവാക്കാവുന്ന തുക | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 2019-20 വാർഷിക പദ്ധതിയിൽ പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ,<br>മംഗളം | 70/ ച.സെ.മീ | 3.8X10 | (3.8X10)X70=2660<br>(-)ട്രേഡ് ഡിസ്കൗണ്ട് 15%- 399 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട് 15%- 252 | 874.6 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഡിസ്കൗണ്ട് കുറച്ചുള്ള തുക -2261<br>(+)ജി.എസ്സ്.ടി. - 5%- 113<br>നല്കിയ തുക- 2374 | ഡിസ്കൗണ്ട് കുറച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി. - 5%- 71.4<br>നൽകേണ്ട തുക- 1499.4 | |
| 2 | 2019-20 വാർഷിക പദ്ധതിയിൽ എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ, പഞ്ചായത്ത് ഓഫീസിൽ സി സി ടി വി സ്ഥാപിക്കൽ, കളക്ടേഴ്സ് സ്കൂൾ പദ്ധതിയിൽ വേസ്റ്റ്ബിൻ<br>മംഗളം | 70/ ച.സെ.മീ | 3.8X14 | (3.8X14)X70=3724<br>(-)ട്രേഡ് ഡിസ്കൗണ്ട് 15%- 558.6<br>ഡിസ്കൗണ്ട് കുറച്ചുള്ള തുക -3165.4<br>(+)ജി.എസ്സ്.ടി. 5%- 158.27<br>നല്കിയ തുക- 3323.67 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട് 15%- 252<br>ഡിസ്കൗണ്ട് കുറച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി. 5%- 71.4<br>നല്കേണ്ട തുക – 1499.4 | 1824.27 |
| 3 | 2019-20 വാർഷിക പദ്ധതിയിൽ 5 പൊതുമരാമത്ത് പ്രവർത്തികളുടെ ദർഘാസ് ക്ഷണിക്കൽ<br>മംഗളം | 70/ ച.സെ.മീ | 3.8X10 | (3.8X10)X70=2660<br>(-)ട്രേഡ് ഡിസ്കൗണ്ട് 15%- 399<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2261<br>(+)ജി.എസ്സ്.ടി- 5%- 113.06<br>നല്കിയ തുക – 2374 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട് 15%- 252<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി- 5%- 71.4<br>നല്കേണ്ട തുക – 1499.4 | 874.6 |
| 4 | 2019-20 വാർഷിക പദ്ധതിയിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ദർഘാസ് ക്ഷണിക്കൽ<br>മംഗളം | 70/ ച.സെ.മീ | 3.8X10 | (3.8X10)X70=2660<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 399<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2261<br>(+)ജി.എസ്സ്.ടി- 5%- 113.06<br>നല്കിയ തുക – 2374 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 252<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി- 5%- 71.4<br>നല്കേണ്ട തുക – 1499.4 | 874.6 |
| 5 | 2019-20 വാർഷിക പദ്ധതിയിൽ 4 പൊതുമരാമത്ത് പ്രവർത്തികളുടെ ഇ ടെൻഡർ ക്ഷണിക്കൽ<br>മംഗളം | 175/ ച.സെ.മീ | 3.8X8 | (3.8X8)X175=5320<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 798<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -4522<br>(+)ജി.എസ്സ്.ടി- 5%- 227 | (8X3)X175=4200<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 630<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-3570<br>(+)ജി.എസ്സ്.ടി- 5%- 178.5 | 999.5 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നല്കിയ തുക – 4748 | നല്കേണ്ട തുക – 3748.5 | |
| 6 | 2019-20 വാർഷിക പദ്ധതിയിൽ വെറ്ററനറി ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ, കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതിയുടെ ഭാഗമായി വേസ്റ്റ്ബിൻ എന്നിവ വാങ്ങുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും ടെൻഡർ ക്ഷണിക്കൽ<br>മംഗളം | 70/ ച.സെ.മീ | 3.8X13 | (3.8X13)X70=3458<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 518<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2939<br>(+)ജി.എസ്സ്.ടി- 5%- 146.96<br>നല്കിയ തുക – 3086.26 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 252<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി- 5%- 71.4<br>നല്കേണ്ട തുക – 1499.4 | 1586.86 |
| 7 | 2019-20 വാർഷിക പദ്ധതിയിൽ 30 പൊതുമരാമത്ത് പ്രവർത്തികളുടെ ഇ ടെൻഡർ ക്ഷണിക്കൽ | 70/ ച.സെ.മീ | 3.8X9 | (3.8X9)X70=2394<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 359.10<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2136.90<br>(+)ജി.എസ്സ്.ടി- 5%- 101.74<br>നല്കിയ തുക – 2136.64 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 252<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി- 5%- 71.4<br>നല്കേണ്ട തുക – 1499.4 | 637.24 |
| 8 | 2019-20 വാർഷിക പദ്ധതിയിൽ 41 പൊതുമരാമത്ത് പ്രവർത്തികളുടെ ഇ ടെൻഡർ ക്ഷണിക്കൽ | 70/ ച.സെ.മീ | 3.8X10 | (3.8X10)X70=2660<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 399<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2261<br>(+)ജി.എസ്സ്.ടി- 5%- 113.06 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 252<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി- 5%- 71.4 | 874.6 |
| | | | | നല്കിയ തുക – 2374.06 | നല്കേണ്ട തുക – 1499.4 | |
| 9 | 2019-20 വാർഷിക പദ്ധതിയിൽ 57 പൊതുമരാമത്ത് പ്രവർത്തികളുടെ ഇ ടെൻഡർ ക്ഷണിക്കൽ | 70/ ച.സെ.മീ | 3.8X9 | (3.8X9)X70=2394<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 359.10<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2034.90<br>(+)ജി.എസ്സ്.ടി-5%- 101.74<br>നല്കിയ തുക– 2136.64 | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- 252<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1428<br>(+)ജി.എസ്സ്.ടി- 5%- 71.4<br>നല്കേണ്ട തുക – 1499.4 | 637.24 |
| 10 | 2019-20 വാർഷിക പദ്ധതിയിൽ വയോജനങ്ങൾക്ക് കട്ടിൽ, ഭിന്ന ശേഷിക്കാർക്ക് പെട്ടിക്കട, പഞ്ചായത്ത് | 70/ ച.സെ.മീ | 3.8X12 | (3.8X12)X70=3192<br>(-)ട്രേഡ് ഡിസ്കൗണ്ട്- 15%- | (8X3)X70=1680<br>(-)ട്രേഡ് ഡിസ്കൗണ്ട്- | 1349.46 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസിലേക്ക് ഫർണിച്ചർ, പഞ്ചായത്ത് ഓഫീസിലേക്ക് സി സി ടിവി മേടിക്കൽ എന്നിവ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കൽ | | | 478.80 | 15%- 252 | |
| | | | | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -2713.20 | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-1428 | |
| | | | | (+)ജി.എസ്സ്.ടി- 5%- 135.66 | (+)ജി.എസ്സ്.ടി- 5%- 71.4 | |
| | | | | നല്കിയ തുക– 2848.86 | നല്കേണ്ട തുക – 1499.4 | |
| | ആകെ | | | | | 10532.97 |

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്ക് വേണ്ടി വിനിയോഗിക്കേണ്ടിയിരുന്ന ഫണ്ടാണ് ഇത്തരത്തിൽ അധികം ചെലവഴിച്ചത്. സർക്കാർ നിർദ്ദേശം കർശനമായി പാലിച്ച് അധികച്ചെലവ് ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രവണത ആവർത്തിക്കപ്പെടുന്ന പക്ഷം അധികം ചെലവഴിക്കുന്ന തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും.

## 1-19 തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ; പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചില്ല

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ആകെ തുകയുടെ 50% തുക അടവാക്കിയാൽ മതിയായിരുന്നു. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2019-20ൽ ഗ്രാമപ്പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 400000 രൂപ 07-02-2020 ലും, 250000 രൂപ 30-03-2020 ലും കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ നാളിതുവരെ മീറ്ററുകൾ പ്രവർത്തന സജ്ജമാക്കാൻ കെ.എസ്.ഇ.ബി.യ്ക്കു സാധിച്ചിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് കെ.എസ്.ഇ.ബി-യുമായി കരാർ വെച്ചിട്ടില്ല. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് ഗ്രാമപ്പഞ്ചായത്തിൽ മോണിട്ടറിംഗ് സമിതി രൂപീകരിക്കേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. തൽഫലമായി യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിന്റെ അടിസ്ഥാനത്തിലല്ലാതെ വിവിധ തരം തെരുവ് വിളക്കുകൾക്കുള്ള നിശ്ചിത പ്രതിമാസ താരിഫ് ഇനത്തിൽ വൻതുക ഗ്രാമപ്പഞ്ചായത്തിന് ഒടുക്കേണ്ടിവരുന്നു. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം ലക്ഷകണക്കിന് രൂപ പാഴ് ചെലവാകുന്നതിനാൽ ഗ്രാമപ്പഞ്ചായത്ത് മേൽ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 10000 | അംഗണവാടികൾക്ക് അനുപൂരക പോകാഹാര പരിപാടി പ്രൊ.നം.129/19-20) | 0 | 10000 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 80000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി, പ്രൊ. നം. 175/19-20 | 80000 | 0 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 2000000 | വാർഡ് 4ലെ മാവേലിപ്പടി വടക്കേത്തലപ്പടി ചോർണ്ണാട്ടുപടി റോഡ് പുനരുദ്ധാരണംപ്രൊ. നം. 174/19-20 | 0 | 2000000 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 3000000 | വാർഡ് 13ലെ കരിപ്പക്കുഴി മൂത്തേടത്ത്മറ്റം റോഡ് പുനരുദ്ധാരണംപ്രൊ. നം. 153/19-20 | 0 | 3000000 |
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2019-20 | 6840 | അംഗണവാടികൾക്ക് പാവക്കൂട്, പ്രൊ. നം./124 | 0 | 0 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 200000 | പാലിയേറ്റീവ് കെയർ പദ്ധതി പ്രൊ.നം. 3/2019-20 | 0 | 200000 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 100000 | അംഗണവാടികൾക്ക് അനുപൂരക പോകാഹാര പരിപാടി പ്രൊ.നം.25/19-20) | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2019-20 | 150000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്, പ്രൊ. നം. 27/19-20 | 92950 | 57050 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 200000 | | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2019-20 | 157500 | നെൽകൃഷി വികസനം,പ്രൊ.നം.45/2019-20 | 0 | 157500 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 200000 | | 0 | 200000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2019-20 | 400000 | ക്ഷീരകർഷകർക്ക് പാലിന്സബ്സിഡി, പ്രൊ. നം.47/2019-20 | 241197 | 158803 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 100000 | | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2019-20 | 644800 | ലൈഫ് ഭവന നിർമ്മാണ പദ്ധതി, (എസ് സി പി) പ്രൊ. നം. 220/19-20 | 0 | 644800 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 500000 | | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | 2019-20 | 1000000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി, (ജനറൽ)പ്രൊ. നം.223 /19-20 | 0 | 2000000 |
| ജില്ലാപ്പഞ്ചായത്ത്, പത്തനംതിട്ട | 2019-20 | 1000000 | | 0 | 1000000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.എ.ബി | തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ 168/19-20 | | 1025000 | 0 | 625000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 7107396 രൂപയുണ്ട്. വായ്പ ഇനത്തിൽ ലഭിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം.68/2018/ എൽ.എസ്.ജി.ഡി/ 18-05-18 | 7107396 | 7107396 | 308823 | 0 | 6798573 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6500000 |
| തൻവർഷം നിക്ഷേപിച്ച തുക | Nil |
| ആകെ | 6500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6500000 |

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കവിയൂർ സർവീസ് സഹകരണ ബാങ്ക് | 26/05/18 | ഒരു വർഷം | 6500000 | - |
| ആകെ | | | | 6500000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഈ ഇനങ്ങളിൽ ഈ സാമ്പത്തിക വർഷം യാതൊരു തുകയും ഈടാക്കിയിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47577542 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42801249 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u> ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u> ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ</u>

വിവരം ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽഎഫ്.പിറ്റിഎ/പി2/20/2000തീ.19.9.00<br>എൽഎഫ്.പിറ്റിഎ/പി2/314/1999തീ.12.4.00<br>എൽഎഫ്.പിറ്റിഎ/പി3/396/98 തീ.3.8.09 | 2<br>3<br>1 |
| 1998-99 | എൽഎഫ്.പിറ്റിഎ/പി4/874/04 തീ.11.5.05<br>എൽഎഫ്.പിറ്റിഎ/പി4/567/99 തീ. 07.01.01 | 6<br>1 |
| 1999-00 (ഡി.സി.ബി) | എൽഎഫ്.പിറ്റിഎ/പി4/878/04 തീ. 05.07.2005 | 2 |
| 1999-00 (പ്ലാൻ) | എൽഎഫ്.പിറ്റിഎ/പി2/97/01 തീ. 04.02.02 | 12 |
| 2000-01 | എൽഎഫ്.പിറ്റിഎ/പി.4/680/03 തീ. 01.04.04 | 5 |
| 2001-02 (DCB & FINAL) | എൽഎഫ്.പിറ്റിഎ/പി4/342/05 തീ. 9.12.05 | 2 |
| 2002-03 | എൽഎഫ്.പിറ്റിഎ/പി5/189/06 തീ. 6.10.06 | 13 |
| 2003-04 | എൽഎഫ്.പിറ്റിഎ/പി.8/536/06 തീ. 12.02.08 | 3 |
| 2004-05 | എൽഎഫ്.പിറ്റിഎ/പി5/1133/07 തീ. 03.04.08 | 10 |
| 2005-06 | എൽഎഫ്.പിറ്റിഎ/പി7/769/11 തീ. 8.12.01 | 6 |
| 2006-07 | എൽഎഫ്.പിറ്റിഎ/പി7/770/11 തീ. 8.12.11 | 10 |
| 2007-08 മുതൽ 09-10 വരെ | എൽഎഫ്.പിറ്റഎ/പി6/420/11 തീ. 10.09.13 | 2 |
| 2010-11& 11-12 | എൽഎഫ്.പിറ്റിഎ/പി/7/992/13 തീ. 05.2.14 | 9 |
| 2012-13 | എൽഎഫ്.പിറ്റിഎ/പി/7/954/14തീ. 23.12.14 | 8 |
| 2013-14 | എൽഎഫ്.പിറ്റിഎ/പി/7/348/15 തീ. 28.7.15 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെഎസ്എ.പിറ്റിഎ/പി7-680/16 തീ. 21.6.16 | 5 |
| 2015-16 | കെഎസ്എ.പിറ്റിഎ/പി7-680/17 തീ. 21.6.16 | 31 |

| | | |
|---|---|---|
| 2016-17 | കെഎസ്എ.പിറ്റിഎ/പി7-1113/17 തീ.7.10.17 | 48 |
| 2017-18 | കെഎസ്എ.പിറ്റിഎ/പി.7-201/18 തീ.12.1.19 | 32 |
| 2018-19 | കെഎസ്എ.പിറ്റിഎ/പി7/156/20 തീ. 16.3.20 | 18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കവിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കവിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്